## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ ★169** **11.02.2020-ൽ മറുപടിക്ക്**

## മരുന്നുകളുടെ അശാസ്ത്രീയമായ നിർമ്മാർജ്ജനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ**<br>**ശ്രീ. കെ. രാജൻ**<br>**ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി) |
| **എ)** കാലഹരണത്തീയതി കഴിഞ്ഞ മരുന്നുകളുടെ ഉപയോഗവും ഉപയോഗിക്കാത്ത മരുന്നുകളുടെ അശാസ്ത്രീയമായ നിർമ്മാർജ്ജനവും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | **എ)** സംസ്ഥാനത്ത് കാലഹരണം കഴിഞ്ഞ മരുന്നുകളുടെ ഉപയോഗമോ വിപണനമോ റിപ്പോർട്ട് ചെയ്തിട്ടില്ല. ഉപയോഗശൂന്യമായ മരുന്നുകളുടെ അശാസ്ത്രീയമായ നിർമ്മാർജ്ജനം പരിസ്ഥിതി മലിനീകരണത്തിന് ഇടയാക്കുന്നുണ്ടെന്നുള്ള റിപ്പോർട്ടുകൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് വിശകലനം ചെയ്തിട്ടുണ്ട്. ആയത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| **ബി)** ഉപയോഗിക്കാത്തതും കാലഹരണത്തീയതി കഴിഞ്ഞതുമായ മരുന്നുകളുടെ അശാസ്ത്രീയമായ നിർമ്മാർജ്ജനം മനുഷ്യരിലേയും മൃഗങ്ങളിലേയും ആന്റി മൈക്രോബിയൽ പ്രതിരോധത്തെ മാരകമായി ബാധിക്കുമോ; വ്യക്തമാക്കുമോ; | **ബി)** ഉപയോഗശൂന്യമായ മരുന്നുകളുടെ അശാസ്ത്രീയമായ നിർമ്മാർജ്ജനം മനുഷ്യരുടെയും, പക്ഷി-മൃഗാദികളുടെയും പ്രതിരോധ ശക്തിയെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് വിവിധ പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. |
| **സി)** ഇത്തരത്തിൽ മരുന്നുകളുടെ അശാസ്ത്രീയമായ നീക്കം ചെയ്യലിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; | **സി)** ഔഷധങ്ങൾ കൈകാര്യം ചെയ്യുന്ന വ്യാപാര സ്ഥാപനങ്ങളിൽ വിൽപ്പനയ്ക്കായി സംഭരിക്കുന്ന മരുന്നുകൾ ചില കാരണങ്ങളാൽ ചിലവാകാതെ കാലഹരണപ്പെടുന്ന അവസ്ഥയുണ്ട്. ചില്ലറ ഔഷധ വ്യാപാരികൾ ഇത് മൊത്ത വ്യാപാരികൾക്ക് തിരിച്ച് നൽകി ആയതിന്റെ വില തിരികെ ലഭിക്കുന്ന സമ്പ്രദായമാണ് ഉള്ളത്. മൊത്ത വ്യാപാരികൾ ഇങ്ങനെ സംഭരിക്കുന്ന കാലഹരണപ്പെട്ട മരുന്നുകൾ നിർമ്മാതാവിന് മടക്കി നൽകുകയും, നിർമ്മാതാക്കൾ Bio-medical Waste Management Disposal നിയമ പ്രകാരം ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്ന |

→

സംവിധാനമാണ് നിലവിലുള്ളത്. എന്നാൽ, ചെറുകിട നിർമ്മാതാക്കൾ വിപണനം ചെയ്യുന്ന മരുന്നുകൾ ഇത്തരത്തിൽ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഇവ തരിശ് പുരയിടങ്ങളിലും ജലാശയങ്ങളിലും അലക്ഷ്യമായി പുറന്തള്ളുന്ന പ്രവണത കണ്ടുവരുന്നുണ്ട്. ഇത് തടയുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് കർശന നിരീക്ഷണം നടത്തുന്നുണ്ട്. ഇത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വ്യക്തമായ വ്യവസ്ഥകൾ കേന്ദ്ര നിയമത്തിൽ ഭേദഗതിയിലൂടെ പ്രാബല്യത്തിൽ വരുത്തേണ്ടതുണ്ട്. രോഗികൾ വാങ്ങുന്ന മരുന്നുകൾ പല കാരണങ്ങളാൽ ഉപയോഗിക്കാതെ അലക്ഷ്യമായി വലിച്ചെറിയുന്ന പ്രവണത തടയുവാൻ (Programme for Removal of Unused Drugs – PROUD) എന്ന പദ്ധതി ഡ്രഗ്സ് കൺട്രോൾ വകുപ്പ്, ഔഷധ വ്യാപാര സംഘടനയുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.

**ഡി)** ഉപയോഗിക്കാത്ത മരുന്നുകൾ വ്യാപാരികളുടെ സഹകരണത്തോടെ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ;

**ഡി)** വ്യാപാരി സംഘടനയുടെ സഹകരണത്തോടെ, ഉപയോഗശൂന്യമായതും കാലാവധി കഴിഞ്ഞതുമായ മരുന്നുകളുടെ ശാസ്ത്രീയ നിർമ്മാർജ്ജനത്തിന് PROUD (Programme for Removal of Unused Drugs) എന്ന് നാമകരണം ചെയ്ത പൈലറ്റ് പ്രോജക്റ്റ് തിരുവനന്തപുരത്ത് 15/04/2019 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

**ഇ)** പ്രസ്തുത പദ്ധതി സംസ്ഥാനം മുഴുവൻ നടപ്പിലാക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**ഇ)** മേൽ സൂചിപ്പിച്ച PROUD എന്ന പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**